# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3997** — **11.11.2019 - ൽ മറുപടിക്ക്.**

## ഹോസ്ദുർഗ്ഗ്, വെള്ളരിക്കുണ്ട് താലൂക്കുകളിലെ റേഷൻ കാർഡുകളിലെ അപാകത

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. എം. രാജഗോപാലൻ :** | | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** കാസർഗോഡ് ജില്ലയിൽ വിശിഷ്യ ഹോസ്ദുർഗ്ഗ്, വെള്ളരിക്കുണ്ട് താലൂക്കുകളിൽ എ.പി.എൽ/ ബി.പി.എൽ കാർഡുകളിലെ അപാകത പരിഹരിക്കാൻ നടപടി കളുണ്ടാകുമോ എന്ന് വ്യക്തമാക്കാമോ; | **(എ) യും (ബി) യും** | കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ്, വെള്ളരിക്കുണ്ട് ഉൾപ്പെടെയുള്ള താലൂക്ക് സപ്ലൈ ഓഫീസുകളിൽ അർഹതയുണ്ടായിട്ടും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടാത്തവരിൽ നിന്നും അപേക്ഷകൾ സ്വീകരിച്ച് അദാലത്തുകൾ സംഘടിപ്പിച്ചിട്ടുള്ളതും അർഹരായവർക്ക് മുൻഗണനാ കാർഡുകൾ നൽകി വരുന്നുമുണ്ട്. അനർഹരായവരെ കണ്ടെത്തുന്നതിനായി പരിശോധനകൾ നടത്തി വരുന്നതും അനർഹമായ മുൻഗണനാ കാർഡുകൾ പൊതുവിഭാഗത്തിലേക്ക് മാറ്റുന്ന നടപടികളും പുരോഗമിക്കുന്നുണ്ട്. |
| **(ബി)** ബി.പി.എൽ. കാർഡിന് അർഹതയുള്ള പാവപ്പെട്ടവർക്ക് പ്രസ്തുത സൗകര്യം നഷ്ടപ്പെട്ടത് പുനഃസ്ഥാപിച്ച് നൽകാൻ കഴിയുമോ എന്ന് അറിയിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**